സാഹചര്യത്തിൽ അതിനുള്ള ഉത്തരവ് എത്രയും വേഗം ഇറക്കാൻ നടപടി സ്വീകരിക്കണം. ഡിപ്പാർട്ട്മെന്റ് ഉത്തരവിറക്കിയാൽ ഈ മാസം തന്നെ അവരെ തെരഞ്ഞെടുക്കാനും വീട് വയ്ക്കാനുള്ള വായ്പ കൊടുക്കാനും കഴിയും. അതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : മത്സ്യത്തൊഴിലാളികളായി അംഗീകരിച്ച എല്ലാപേർക്കും അപേക്ഷകൾ കൊടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നതാണ്. അനുബന്ധ തൊഴിലാളികൾക്ക് പ്രത്യേക നിർദ്ദേശം കൊടുക്കേണ്ട ആവശ്യമില്ല. കടലിലും കായലിലും പോകുന്ന മത്സ്യത്തൊഴിലാളികളേയും അവരുടെ വീട്ടിൽ മത്സ്യം വില്പന നടത്തുന്ന സ്ത്രീകളേയും മത്സ്യത്തൊഴിലാളികളായി അംഗീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ അനുബന്ധ തൊഴിലാളികളേയും മത്സ്യത്തൊഴിലാളിക്ഷേമനിധി ലിസ്റ്റിൽപ്പെടുത്തി പെൻഷനും മറ്റാനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. മൊയിൻകുട്ടി : മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയായി വർദ്ധിപ്പിച്ചതായി അറിഞ്ഞു. പക്ഷെ ഈ സംഖ്യ കുടിശ്ശികയായി കിടക്കുകയാണ്. അത് സമയബന്ധിതമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ; ഇതി എത്ര കൊടുക്കാനുണ്ട് ; എത്രപേർക്ക് കൊടുത്തു എന്നുള്ളതും വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : എത്ര തുക കൊടുക്കാനുണ്ട് എന്നുള്ളതിന് പ്രത്യേക ചോദ്യം ചോദിച്ചാലെ മറുപടി പറയുവാൻ സാധിക്കുകയുള്ളൂ. ഏതായാലും അവർക്ക് ഇനി കൊടുക്കാനുള്ള സംഖ്യ കൊടുക്കുന്നതിന് നടപടിയെടുത്തു വരികയാണ്. ഗവൺമെന്റിലേക്ക് കിട്ടാനുള്ള പണം പിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠനം.

3 (* 410) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. രാജു :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ എന്തെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടികെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) (1) കഴിഞ്ഞ 10 വർഷത്തെ മൺസൂൺ ട്രോളിംഗ് നിരോധനത്തിന്റെ ഫലം ശാസ്ത്രീയമായി പഠിച്ച് വിലയിരുത്തുക.

(2) സമുദ്ര മത്സ്യ -വിഭവസംരക്ഷണം, വിനിയോഗം, പരിപാലനം എന്നിവയെ സംബന്ധിച്ച് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുക.

ശ്രീ. എൻ. അനിരുദ്ധൻ : നമ്മുടെ സമുദ്രാതിർത്തിയിൽ അന്തർദേശീയ കുത്തക കമ്പനികൾ യഥേഷ്ടം മത്സ്യബന്ധനം നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ഇപ്പോഴും തുടർന്നുവരുന്ന സാഹചര്യത്തിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിൽ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ നമുക്ക് ലഭിക്കുന്നുണ്ടോ ; ട്രോളിംഗ് നിരോധനത്തിന്റെ ഗുണഫലങ്ങളെ ദോഷകരമായി അങ്ങനെയുള്ള മത്സ്യബന്ധനം ബാധിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്ന കാലയളവിൽ പുറം കടലിൽ വിദേശ ശക്തികൾ വന്നുനടത്തുന്ന മത്സ്യ ബന്ധനം തടയണമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും കേന്ദ്ര ഗവൺമെന്റ് അത് സമ്മതിച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് കത്ത് തരികയും ചെയ്തിട്ടുണ്ട്. മത്സ്യം പിടിക്കുന്നത് തടയാൻ നമുക്ക് നിർവ്വാഹമില്ല. അത് തടയണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാപേരും ഈ കാര്യത്തിൽ സഹകരിച്ചിട്ടുമുണ്ട്.

ശ്രീ. എൻ. അനിരുദ്ധൻ : സർ, ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചുവെന്നും ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചുവെന്നും അങ്ങ് ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ആ റിപ്പോർട്ടിൽ ട്രോളിംഗ് നിരോധനം ഗുണഫലങ്ങളാണോ ഉളവാക്കിയിരിക്കുന്നത് ; ദോഷഫലങ്ങൾ വല്ലതുമുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : അവരുടെ ഇടക്കാല റിപ്പോർട്ടും അവസാനത്തെ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ഇതുകൊണ്ട് മത്സ്യോൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. ട്രോളിംഗ് നിരോധനം നടപ്പാക്കേണ്ട കാലയളവിനെ സംബന്ധിച്ച് ചില പരാമർശനങ്ങൾ പല കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തന്നെ ട്രോളിംഗ് നിരോധനം നടത്തേണ്ടതെന്നും ബാലകൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. പി. രാജു : ട്രോളിംഗ് നിരോധനം എല്ലാ വർഷവും നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ തീയതി നിശ്ചയിക്കുന്നതിന് പലപ്പോഴും കാലതാമസം നേരിടുകയും, തർക്കങ്ങളുണ്ടാകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ട്രോളിംഗ് നിരോധനത്തിനുവേണ്ടി ഒരു നിയമം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ട്രോളിംഗ് നിരോധനം എല്ലാ കൊല്ലവും ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് നടപ്പിലാക്കുന്നത്. സമയത്തിന്റെ കാര്യത്തിൽ ചില മാറ്റങ്ങൾ ഉണ്ടായെന്നല്ലാതെ ജൂൺ 15 മുതൽ തുടങ്ങത്തക്ക രീതിയിൽ ആവശ്യമായ നടപടികൾ ഗവൺമെന്റ് ഇപ്പോൾതന്നെ അതാത് കാലങ്ങളിൽ എടുക്കുന്നുണ്ട്.

ശ്രീ. പി. രാജു : ട്രോളിംഗ് നിരോധന കാലത്ത് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുന്ന ഒരു സാഹചര്യമുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന അനുബന്ധ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും സാമ്പത്തിക സഹായം നൽകുന്നതിനാവശ്യമായ നടപടിയെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. പീലിംഗ് ഷെഡ്ഡിലെ തൊഴിലാളികളടക്കമുള്ള അനുബന്ധ തൊഴിലാളികൾക്കും അതുപോലെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ബോട്ടിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും സാമ്പത്തീക സഹായം ചെയ്യാൻ കുറച്ചു ബുദ്ധിമുട്ടുള്ള കാര്യമാണ്. അങ്ങനെയൊരു ആവശ്യമുണ്ടെങ്കിലും അതേക്കുറിച്ച് അവസാന തീരുമാനം ഗവൺമെന്റ് എടുത്തിട്ടില്ല.

ശ്രീ. പി. എസ്. സുപാൽ : മത്സ്യസമ്പത്തിന് ദോഷമുണ്ടാകാതിരിക്കുന്നതിനുവേണ്ടിയാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. ട്രോളിംഗിന്റെ പാർശ്വഫലങ്ങളെ സംബന്ധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ ഇതുമൂലം മത്സ്യസമ്പത്ത് വർദ്ധിപ്പിച്ചതായി വല്ല കണക്കുമുണ്ടോ? ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ട്രോളിംഗ് നിരോധനം ആരംഭിക്കുന്നതിന് മുൻപും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനു ശേഷവുമുള്ള മത്സ്യോൽപാദനത്തിന്റെ കണക്ക് നമ്മൾ എടുത്തിട്ടുണ്ട്. ഇതുകൊണ്ട് വളരെയധികം ഗുണമുണ്ടായിട്ടുണ്ട്. ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിന് മുൻപ് 3.73 ലക്ഷം ടൺ 1978-ലും, 3.30 ലക്ഷം ടൺ 1979-ലും, 2.79 ലക്ഷം ടൺ 1980-ലും 2.83 ലക്ഷം ടൺ 1981-ലും അങ്ങനെ 1987 വരെ ഈ തോതിലായിരുന്നു ഉല്പാദനം. പക്ഷെ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയതിനുശേഷം ആദ്യവർഷം തന്നെ 4.93 ലക്ഷം ടൺ അതായത് 3.73 ലക്ഷത്തിന് പകരം 1999-ൽ 5.80 ലക്ഷം ടൺ അധിക ഉല്പാദനമുണ്ടായിട്ടുണ്ട്. പൊതുവെ എല്ലാ വർഷവും ട്രോളിംഗ് നിരോധനമേർപ്പെടുത്തിയ ശേഷം മത്സ്യോൽപാദനമേഖലയിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ടെന്നാണ് കിട്ടിയിട്ടുള്ള കണക്ക്.

ശ്രീ. പി. എസ്. സുപാൽ : നമ്മുടെ സംസ്ഥാനത്ത് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ; എന്തെല്ലാം ധനസഹായം ഇതുമായി ബന്ധപ്പെട്ട് നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ : (ഒന്ന്) ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുക. (രണ്ട്) അനധികൃതമായി നിരോധിച്ചിട്ടുള്ള വലകളിറക്കി മത്സ്യബന്ധനം നടത്തുന്നത് തടയുക. (മൂന്ന്) കടലിലും കായലിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. സത്യൻ മൊകേരി : മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കടലിലും കായലിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് അങ്ങ് പറഞ്ഞു. അത് നടപ്പിലാക്കിയതിനുശേഷം ആ രംഗത്തുള്ള പുരോഗതി ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ. എന്തെല്ലാം നേട്ടങ്ങളാണുള്ളത്. അതിലൂടെ എത്ര മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇതിന്റെ ഇവാലുവേഷൻ സ്റ്റഡി നടത്തുന്നതിനുവേണ്ടിയാണ് ഒരു കമ്മിറ്റിയെ നിയോഗിച്ചത്. അതിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലെ അന്തിമ മറുപടി പറയുവാൻ സാധിക്കുകയുള്ളൂ.

ശ്രീ. സത്യൻ മൊകേരി : വിദേശരാജ്യങ്ങളിൽ നിന്നും സംസ്ക്കരിച്ച മത്സ്യ ഉല്പന്നങ്ങൾ നമ്മുടെ രാജ്യത്ത് വ്യാപകമായി ഇറക്കുമതി ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ വളരെയധികം ദുരിതം അനുഭവിക്കുകയാണ്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ നടപ്പിലാക്കി വരുന്ന സാമ്പത്തിക നയത്തിന്റെ ഭാഗമായി അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്നും മത്സ്യം ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. അതിന്റെ ഫലമായി ഇവിടെയുള്ള മത്സ്യത്തിന് ശരിയായ വില കിട്ടാതെ താഴ്ന്ന വിലയ്ക്ക് കൊടുക്കാൻ നിർബന്ധിതരാകുന്നു. ഇവിടെയുള്ള മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന് വേണ്ടത്ര മാർക്കറ്റിംഗ് സംവിധാനത്തിന് നമ്മൾ ശ്രമിച്ചുവരുമ്പോഴാണ് പുറമെനിന്നും ഇറക്കുമതി ചെയ്യാനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടിയിട്ടുള്ളത്. അത് തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് കത്ത് എഴുതിയിട്ടുണ്ട്.

ശ്രീ. സി. എഫ്. തോമസ് : വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നത് നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് കത്ത് എഴുതിയിട്ടുണ്ടെന്നും അതിന് അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടെന്നും അങ്ങ് പറയുകയുണ്ടായി. അത് ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ ഫോളോ-അപ്പ് എന്നുള്ള നിലയ്ക്ക് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രി വിളിച്ചുകൂട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസിൽ സംസ്ഥാന ഗവൺമെന്റ് ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. അത് നിർബന്ധപൂർവ്വം പാസ്സാക്കാൻ മുൻകൈ എടുത്തപ്പോൾ കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ മന്ത്രിമാരും അതിനോട് അനുകൂലിച്ച് ആവശ്യമായ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് തുടർച്ചയായി ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

കേരള-ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി

4 (* 411) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എം. ദാസൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ വികസനം ലക്ഷ്യമാക്കി ഷാർജ ഗവൺമെന്റിന്റെ സഹായത്തോടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഷാർജ ഗവൺമെന്റുമായി സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കേരള-ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി സ്ഥാപിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) സംയുക്ത സംരംഭമെന്നനിലയിൽ സംസ്ഥാനത്തും ഷാർജയിലും മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തും ഷാർജയിലും ടൂറിസംവ്യവസായം സംയുക്തമായി പരിപോഷിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഷാർജ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സംയുക്തമായി ആരംഭിക്കാനുദ്ദേശിക്കുന്ന വ്യവസായ വികസന പദ്ധതികൾ എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) ചർച്ച ചെയ്തിട്ടുണ്ട് ; അന്തിമ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ബി & സി) 1999 ഡിസംബറിൽ ഷാർജ സന്ദർശിച്ചപ്പോൾ അവിടുത്തെ ഗവൺമെന്റിന്റെ ഇക്കണോമിക് ഡവലപ്മെന്റ് വിഭാഗം തലവൻ ഷേക്ക് താരിക് ബിൻഫെയ്സൻ കാസിയുമായി കേരള ഷാർജ ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് കമ്പനി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ കേരള വ്യവസായ വികസന കോർപ്പറേഷൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly